കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാളികാവ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.6/1998/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.09/11/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാളികാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാളികാവ് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

എബികെ 11/17

നം. കെ.എസ്.എ.എം.പി.എം6/1998/2017 തിയ്യതി:09/11/2017

മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215 (4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.11.2016 മുതൽ 17.08.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം.

--------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ഷാജഹാൻ., ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 18-08-2017 മുതൽ 30-08-2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ടി.പി.അബ്ദുൾ ജലീൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സക്കീർ ഹുസൈൻ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. റഷീദ്.വി | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.സൈതാലി നീലേങ്ങാടൻ | 01.04.2016 മുതൽ 08.09.2016 വരെ |
| ശ്രീ.അബ്ദുൾ നാസർ. വി.പി. | 09.09.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.സൈതലവി പറവെട്ടി | 01.04.2016 മുതൽ 31.05.2016 വരെ |
| ശ്രീ.മത്തായി.പി.പി | 01.06.2016 മുതൽ 21.12.2016 വരെ |
| ശ്രീ.ടി.പി.ഹരിദാസൻ | 22.12.2016 മുതൽ 13.01.2017 വരെ |
| ശ്രീ.ബിനു.ആർ | 14.01.2017 മുതൽ 20.01.2017 വരെ |
| ശ്രീ.അബ്ദുൾ മജീദ്.പി.എം | 21.01.2017 മുതൽ 31.03.2017 വരെ |

മറ്റ് നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മത്തായി.പി.പി | 01.04.2016 മുതൽ 21.12.2016 വരെ |
| | ശ്രീ.ടി.പി.ഹരിദാസൻ | 22.12.2016 മുതൽ 13.01.2017 വരെ |
| | ശ്രീ.ബിനു.ആർ | 14.01.2017 മുതൽ 07.02.2017 വരെ |
| | ശ്രീമതി. മിനിജ.പി.തോമസ് | 21.01.2017 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.നാരായണി.വി.പി | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജംഷീർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.സുരേഷ്കുമാർ.എൻ.ബി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഇൽമുന്നീസ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.മുഹമ്മദ് നജീബ്.പി.യു | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സലില.എം | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.മുരളീധരൻ പിള്ള | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ. ലിജോ ജോസഫ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഷമി | 01.04.2016 മുതൽ 25.01.2017 വരെ |
| | ഡോ.എ.ജി.അജിത് കുമാർ | 26.01.2017 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം.</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |

| | | | |
|---|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല. | 2-1 | |
| 13 | രജിസ്ട്രേഷനും ലൈസൻസുമില്ലാതെ സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നു. | 2-2 | |
| 14 | ബി.എസ്.എൻ.എല്ലിന്റെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല. | 2-3 | |
| 15 | കെട്ടിടനിർമ്മാണ അപേക്ഷ /അപേക്ഷ രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പിലെ അപാകതകൾ. | 2-4 | |
| 16 | ഭൂഗർഭ ജല വകുപ്പിന്റെ തടസ്സരാഹിത്യപത്രമില്ലാതെ കുഴൽ കിണർ നിർമ്മാണത്തിന് അനുമതി നൽകി. | 2-5 | |
| 17 | കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് കുറവായി ഈടാക്കിയത് - 5613/- രൂപ നഷ്ടം. | 2-6 | |
| 18 | അർഹത ഉറപ്പുവരുത്താതെ നികുതി ഇളവ് നൽകി. | 2-7 | |
| 19 | പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി നിരീക്ഷിക്കപ്പെടുന്നില്ല. | 2-8 | |
| 20 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത - ഗ്രാമപഞ്ചായത്തിന് 4818/- രൂപ നഷ്ടം. | 2-9 | |
| 21 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. | 2-10 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 22 | സെക്രട്ടറിയുടെ പ്രോജക്ടുകൾ - ഒരു അവലോകനം. | 3-1 | |
| 23 | ഡെപ്പോസിറ്റ് പ്രവർത്തി - പൂർത്തീകരിച്ചില്ല. | 3-2 | |
| 24 | ഇൻസിനറേറ്റർ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. | 3-3 | |
| 25 | വാട്ടർ ചാർജ്ജ് അടവാക്കൽ - വിവരങ്ങൾ ലഭ്യമല്ല. | 3-4 | |
| 26 | തെരുവ് വിളക്കുകൾ - കുടിശ്ശിക തുക അടവാക്കിയ വിവരം ലഭ്യമാക്കിയിട്ടില്ല. | 3-5 | |
| 27 | ചെലവുകൾക്ക് വ്യക്തമായ അനുബന്ധരേഖകൾ ഇല്ല. | 3-6 | |
| 28 | ഫർണിച്ചർ വിതരണം - സർക്കാർ നിർദേശം പാലിച്ചില്ല. | 3-7 | |
| 29 | സൈക്കിൾ വിതരണം - സർക്കാർ നിർദേശം പാലിച്ചില്ല | 3-8 | |
| 30 | വീട് വെക്കാൻ സ്ഥലം - അധിക തുക നൽകി. | 3-9 | |
| 31 | വാഹന വാടക അനുവദിച്ചത്- രേഖകൾ പൂർണമല്ല. | 3-10 | |
| 32 | ഐ.എ.വൈ ഭവന നിർമാണം - വിശദാംശം ലഭ്യമല്ല. | 3-11 | |

| | | | |
|---|---|---|---|
| 33 | ഭവന നിർമാണം ഇനിയും പൂർത്തിയായില്ല. | 3-12 | |
| 34 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായിട്ടില്ല. | 3-13 | |
| 35 | ആയുർവേദ മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല. | 3-14 | |
| 36 | CHC ക്ക് മരുന്ന് ലഭ്യമായിട്ടില്ല. | 3-15 | |
| 37 | കൺവീനർ സർവ്വീസ് ടാക്സ് അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. | 3-16 | |
| 38 | കൺവീനർക്ക് മൂല്യനിർണ്ണയത്തേക്കാൾ കൂടുതൽ തുക നൽകി; നഷ്ടം 8712 രൂപ. | 3-17 | |
| 39 | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സർവ്വീസ് ടാക്സ് മൂല്ല്യനിർണ്ണയത്തിലുൾപ്പെടുത്താതെ കൺവീനർമാർക്ക് തുക നൽകി; നഷ്ടം 28065 രൂപ. | 3-18 | |
| | ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 40 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 41 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 43 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 44 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 45 | ഓഡിറ്റ് റിക്കവറി | 4-6 | |
| 46 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്.

2016-17 ലെ ബജറ്റ് 05.03.2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 01.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക കണക്കിലെ അപാകതകൾ.

1).വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

2).2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 58 പ്രകാരം കാലയളവ് അവസാനിക്കുമ്പോൾ ഉള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3).തൊഴിൽ നികുതി (ജിവനക്കാർ) വരവ് ഡിമാന്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| ഡിമാന്റ് രജിസ്റ്റർ പ്രകാരം | 1316540 | 1315290 | 1250 |
| വാർഷിക കണക്ക് പ്രകാരം | 1315740 | 1315740 | 0 |

4).പഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളവയിൽ, ലഭ്യത സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5). ബാലൻസ് ഷീറ്റ് Schedule : B-9 ൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന അഡ്വാൻസ് കളക്ഷനുകൾ RP-36 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

| | |
|---|---|
| Property Tax on Residential Buildings. | 1576 |
| Rent From Buildings | 1844 |

6). ബാലൻസ് ഷീറ്റ് Schedule : B-9 ൽ ഉൾപ്പെട്ടിട്ടുള്ള Advance collection of Revenues – Licence Fees for Dangerous and Offencive Traders തുക RP – 36 ൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| B–9 ഷെഡ്യൂൾ പ്രകാരം | 26600 |
| RP-36 ഷെഡ്യൂൾ പ്രകാരം | 24100 |
| വ്യത്യാസം | 2500 |

2015-16 സാമ്പത്തിക വർഷത്തിൽ അഡ്വാൻസ് കളക്ഷനായി ലഭിച്ച (Schedule B-9, 2015-16 AFS) 2500/- രൂപ, 2016-17 വർഷത്തിൽ തൻവർഷ വരവായി ജേണൽ ചെയ്യാത്തതാണ് ഈ വ്യത്യാസത്തിന് കാരണം.

7). എം.ജി.എൻ.ആർ.ഇ.ജി.എസ് വരവ്, ചെലവ് തുകകൾ വാർഷിക കണക്കിലെ Receipt & Payment പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| യഥാർത്ഥ കണക്ക് | 2823 | 984570 | 987393 | 983470 | 3923 |
| വാർഷിക കണക്ക് പ്രകാരം | 2823 | 974970 | 977793 | 973870 | 3923 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9336426 |
| വരവ് | 67481074 |
| ആകെ | 76817500 |
| ചെലവ് | 64148483 |
| നീക്കിയിരുപ്പ് | 12669017 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | ചെലവ് ശതമാനം | നീക്കിയിരിപ്പ് R&P യിൽ RP40(b) പ്രകാരം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 17063663 | 17063663 | 13453398 | 3610265 | 78.84 | 0 |
| വികസന ഫണ്ട് | 0 | 5079234 | 5079234 | 3902087 | 1177147 | 76.82 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| (എസ്.സി.പി) | | | | | | | |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 106452 | 106452 | 105847 | 605 | 99.43 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8600271 | 8600271 | 8550194 | 50077 | 99.42 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 4553409 | 4553409 | 4307525 | 245884 | 94.60 | 0 |
| 13 -ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 9569648 | 9569648 | 8652674 | 916974 | 90.41 | 0 |
| പെർഫോർമൻസ് ഗ്രാന്റ് (സെൻട്രൽ) | 0 | 3694244 | 3694244 | 3694244 | 0 | 100 | 0 |
| പെർഫോർമൻസ് ഗ്രാന്റ് (സ്റ്റേറ്റ്) | 0 | 1317129 | 1317129 | 1316904 | 225 | 99.98 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 2823 | 21480897 | 21483720 | 21479797 | | 99.98 | 3923 |
| ബി ഫണ്ട് | 0 | 48694725 | 48694725 | 48694725 | 0 | 100 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 232 | 66570304 | 188 | 53611125 | 7 | 37 | 81 % |

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3717977 | 5440474 | (+) 1722497 | (+) 46.32 % |
| നികുതിയേതര വരവുകൾ | 872698 | 964558 | (+) 91860 | (+) 10.52 % |
| മറ്റുവരവുകൾ | 93313 | 147186 | (+) 53873 | (+) 57.73 % |
| ആകെ | 4683988 | 6552218 | (+) 1868230 | (+) 39.89 % |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 359400 | 211 |
| കർഷകതൊഴിലാളി പെൻഷൻ | 20482461 | 195 |

| | | |
|---|---|---|
| വിധവാപെൻഷൻ | 185099 | 1425 |
| വാർദ്ധക്യകാലപെൻഷൻ | 21980595 | 1516 |
| വികലാംഗപെൻഷൻ | 4460270 | 402 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 738900 | 62 |
| വിവാഹ ധനസഹായം | 480000 | 16 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.08.2017 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,36,548/- രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

ജി.ഒ.(പി)177/2006/ധനം. തീയ്യതി 12.04.2006 അനുസരിച്ച് സെക്രട്ടറിയും, നിർവഹണ ഉദ്യോഗസ്ഥരും അനുബന്ധം ബി-V ൽ പ്രൊജക്റ്റ് രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ പ്രൊജക്റ്റ് രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല.

എഗ്രിമെന്റ് രജിസ്റ്റർ

അസിസ്റ്റന്റ് എഞ്ചിനീയർ എഴുതി സൂക്ഷിക്കുന്ന എഗ്രിമെന്റ് രജിസ്റ്ററിൽ കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തിയ്യതി രേഖപ്പെടുത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.08.2017 | ജൂലൈ 2017 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.09.12 മുതൽ 08.10.12 വരെ | 2007-08 മുതൽ 2011-12 വരെ | 22.12.2012 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല.

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെ നിർദ്ദേശാനുസരണം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം സംബന്ധിച്ച് 24.09.2016 ൽ സർക്കാർ ഉത്തരവ് നമ്പർ. 576/ഡി.സി/1/2016/തസ്വഭവ പ്രകാരം ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഒരു വർഷമാകാറായിട്ടും ഗ്രാമപഞ്ചായത്ത് ഇത് നടപ്പാക്കിയിട്ടില്ല. മേൽ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1).വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.

2).പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് വില ഈടാക്കുന്നതാണ് എന്ന വിവരം വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

3).വിൽപ്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം.

4).ഒരു മാസം കുറഞ്ഞത് 4000/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000/- രൂപ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി ഈടാക്കി മേൽ പ്രകാരം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം / ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

5).പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗത്തിന്റെ തോത് അനുസരിച്ച് കൂടുതൽ തുക പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി വ്യാപാരികളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്.

6).പ്ലാസ്റ്റിക് പരിപാലന ഇനത്തിൽ ലഭ്യമാകുന്ന തുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ അധികാര പരിധിയിൽ സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്.

വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ വിവരം, രജിസ്റ്റർ ചെയ്ത വ്യാപാര സ്ഥാപനങ്ങളുടെ വിവരം, ഈടാക്കിയ ഫീസിന്റെ വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.11/14.08.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-2 രജിസ്ട്രേഷനും ലൈസൻസുമില്ലാതെ സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നു.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം, ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടില്ല. കൂടാതെ 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളോട് ചേർന്ന 1-ാം പട്ടികയിൽ ക്രമ നമ്പർ 142 പ്രകാരം സ്വകാര്യ ആശുപത്രികളുടെ നടത്തിപ്പിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസും ആവശ്യമാണ്. എന്നാൽ കാളികാവിൽ പ്രവർത്തിക്കുന്ന ദയ ഹോസ്പിറ്റൽ, അൽസലാമ ഹോസ്പിറ്റൽ എന്നീ സ്ഥാപനങ്ങൾ ഓഡിറ്റ് വർഷത്തിൽ രജിസ്ട്രേഷൻ നടത്തുകയോ ലൈസൻസ് എടുക്കുകയോ ചെയ്യാതെയാണ് പ്രവർത്തിച്ച് വരുന്നത്. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഓഡിറ്റ് വർഷങ്ങളിലെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുമുണ്ട്. ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതും, 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 8, 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 26 എന്നിവ പ്രകാരമുള്ള പിഴകൾ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 2-3 ബി.എസ്.എൻ.എല്ലിന്റെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല.

WP(C) No.16670/06 നമ്പർ കേസിന്റെ അന്തിമവിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും BSNL സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന BSNL സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.03/21.08.2017ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-4 കെട്ടിടനിർമ്മാണ അപേക്ഷ /അപേക്ഷ രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പിലെ അപാകതകൾ.

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ആർ.എ1/2015/ തസ്വഭവ നമ്പർ ഉത്തരവിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പഞ്ചായത്തിൽ പാലിച്ചിട്ടില്ല.

(1).ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നിന്നും നൽകുന്ന കറണ്ട് നമ്പറിന്റെ

ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്.

(2).ഫ്രണ്ട് ഓഫീസിൽ നിന്നു നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ ഫയലിന് നമ്പർ നൽകേണ്ടതാണ്. പിന്നീട് പ്രസ്തുത ഫയലിലുണ്ടാകുന്ന വിനിമയങ്ങൾ, നോട്ടീസുകൾ , ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, ഒക്യുപെൻസി മുതലായവയെല്ലാം ഈ ഫയൽ നമ്പരിലാണുണ്ടാകേണ്ടത്. കെട്ടിട നിർമ്മാണ അപേക്ഷാ ഫയലിൽ നോട്ടു ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പടുത്തലുകൾ , ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ , പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

(3).കുറിപ്പുകൾ അപേക്ഷയിൽ തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ റ്റാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പരും ,പേജു നമ്പരും രേഖപ്പെടുത്തേണ്ടതാണ്.

(4).അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും , എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്.

(5).അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമായിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകനു് നോട്ടീസ് നൽകേണ്ടതും ഇതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധിച്ച് ഫയലിലെ നോട്ട് ഭാഗത്തും, കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്.

(6).കെട്ടിടനിർമ്മാണ നിയമങ്ങൾ അനുശാസിക്കുന്ന രീതിയിൽ കെട്ടിടനിർമ്മാണ അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ തീരുമാനമെടുക്കേണ്ടതാണ്.

കെട്ടിട നിർമ്മാണ അപേക്ഷ / അപേക്ഷ രജിസ്റ്റർ എന്നിവയിലെ അപാകതകൾ പരിഹരിക്കേണ്ടതും, സമയബന്ധിതമായി പൊതുജനങ്ങൾക്ക് സേവനം ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-5 ഭൂഗർഭ ജല വകുപ്പിന്റെ തടസ്സരാഹിത്യപത്രമില്ലാതെ കുഴൽ കിണർ നിർമ്മാണത്തിന് അനുമതി നൽകി.

ശ്രീമതി.ഖദീജ, മാഞ്ചേരി പത്തായപ്പുരക്കൽ എന്നവർ 27.03.2016 ന് കുഴൽകിണർ നിർമ്മാണ പെർമിറ്റിന് അപേക്ഷ സമർപ്പിക്കുകയും, 28.03.2017 ന് 143/16-17 നമ്പർ പ്രകാരം പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 93A പ്രകാരം, കുഴൽ കിണർ നിർമ്മാണത്തിന് പെർമിറ്റ് നൽകുന്നതിന് മുമ്പായി ഭൂഗർഭ ജല വകുപ്പിൽ നിന്നും നേടിയ തടസ്സരാഹിത്യപത്രം ഹാജരാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള സാക്ഷ്യപത്രം ഇല്ലാതെയാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. ആയതിന്റെ കാരണം വിശദമാക്കേണ്ടതാണ്. അപാകതക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 07/23.08.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-6 കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് കുറവായി ഈടാക്കിയത് - 5613/- രൂപ നഷ്ടം.

1). പോർച്ച് ഏരിയക്ക് പെർമിറ്റ് ഫീസ് ഈടാക്കിയില്ല - 1919 രൂപ നഷ്ടം.

ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ച വാസഗൃഹങ്ങൾക്കുള്ള കെട്ടിടനിർമ്മാണ പെർമിറ്റുകളിൻമേൽ പോർച്ച് ഏരിയ ഉൾപ്പെടാതെയുള്ള തറവിസ്തീർണ്ണം കണക്കാക്കി പെർമിറ്റ് ഫീസ് കണക്കാക്കിയത് മൂലം ഗ്രാമപഞ്ചായത്തിന് ഓഡിറ്റ് വർഷത്തിൽ 1919/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ | അപേക്ഷകന്റെ | തറ | ഈടാക്കേണ്ട | ഈടാക്കിയ | കുറവ് | പെർമിറ്റ് |
|---|---|---|---|---|---|---|

| നമ്പർ | പേര് | വിസ്തീർണ്ണം (ച.മീ) | ഫീസ് @₹3/ച.മീ. | ഫീസ് | | നമ്പർ/ തിയ്യതി |
|---|---|---|---|---|---|---|
| 1 | ലക്ഷ്മി മുതൽ പേർ, കോട്ടപാറ | 179.83 | 540 | 507 | 33 | 05/16-17 Dt: 12/04/2016 |
| 2 | അഹമ്മദ് കുട്ടി, പൂലത്ത് | 210.79 | 633 | 582 | 51 | 14/16-17 Dt: 27/04/2016 |
| 3 | അബ്ദുൾ സത്താർ, പറച്ചിക്കോടൻ | 213.14 | 640 | 600 | 40 | 18/16-17 Dt: 27/04/2016 |
| 4 | വീരാൻ, അരിപ്പത്തൊടിക | 210.31 | 631 | 579 | 52 | 21/16-17 Dt: 27/04/2016 |
| 5 | സോജൻ എബ്രഹാം, കല്ലൂർ | 176.12 | 529 | 509 | 20 | 22/16-17 Dt: 04/05/2016 |
| 6 | അസ്കർ പരുത്തിക്കുന്നൻ | 155.81 | 468 | 432 | 36 | 24/16-17 Dt: 12/05/2016 |
| 7 | അബ്ദുൾ മജീദ്.പി, പൂവത്തിങ്ങൽ | 158.58 | 476 | 465 | 11 | 30/16-17 Dt: 14/06/2016 |
| 8 | ഹംസ, കുന്നത്ത് | 207.82 | 624 | 588 | 36 | 33/16-17 Dt: 20/06/2016 |
| 9 | നാരായണൻ, കുന്നിക്കൽ | 133.72 | 402 | 370 | 32 | 35/16-17 Dt: 24/06/2016 |
| 10 | മുഹമ്മദ്, പൂന്തിരുത്തി | 188.99 | 567 | 535 | 32 | 36/16-17 Dt: 24/06/2016 |
| 11 | കോയ കുഞ്ഞിപ്പൂതങ്ങൾ | 232.90 | 699 | 657 | 42 | 39/16-17 Dt: 15/07/2016 |
| 12 | സമീർ അലി, ചെട്ടിയാർതൊടിക | 128.26 | 385 | 346 | 39 | 40/16-17 Dt: 15/07/2016 |
| 13 | അബ്ദുൾ റസാഖ്, | 193 | 579 | 550 | 29 | 41/16-17 |

| | | | | | | |
|---|---|---|---|---|---|---|
| | മുസ്ലിയാരകത്ത് | | | | | Dt: 15/07/2016 |
| 14 | ഷാജി.കെ..കെ, പാലച്ചുവട്ടിൽ | 123.89 | 372 | 333 | 39 | 42/16-17 Dt: 15/07/2016 |
| 15 | ഫാത്തിമ, മഠത്തിൽ | 206.64 | 620 | 583 | 37 | 43/16-17 Dt: 15/07/2016 |
| 16 | സുനീഷ് ബാബു, വടക്കുംപറമ്പിൽ | 154.83 | 465 | 430 | 35 | 44/16-17 Dt: 16/07/2016 |
| 17 | നാസർ, പാലത്തിങ്ങൽ | 220.93 | 663 | 620 | 43 | 45/16-17 Dt: 27/07/2016 |
| 18 | സിദ്ധീഖ്, നെച്ചിക്കാടൻ | 211.58 | 635 | 604 | 31 | |
| 19 | സുലൈമാൻ, മാവുങ്കൽ | 183.72 | 552 | 513 | 39 | 97/16-17 Dt: 22/11/2016 |
| 20 | രാജേഷ്, കോന്നീരി | 201.07 | 604 | 585 | 19 | 94/16-17 Dt: 16/11/2016 |
| 21 | ഫാത്തിമക്കുട്ടി, ചുണ്ടിയൻമൂച്ചി | 175.59 | 527 | 479 | 48 | 91/16-17 Dt: 08/11/2016 |
| 22 | അലവി, മാവുങ്ങൽ | 185.27 | 556 | 504 | 52 | 90/16-17 Dt: 08/11/2016 |
| 23 | ഫാത്തിമ സുഹ്റ, വള്ളിക്കാപറമ്പിൽ | 136.53 | 410 | 370 | 40 | 86/16-17 Dt: 03/11/2016 |
| 24 | ഉണ്ണിച്ചേക്കു, വലിയപീടികക്കൽ | 150.66 | 452 | 410 | 42 | 84/16-17 Dt: 27/10/2016 |
| 25 | വീരാൻ, നീലങ്ങാടൻ | 155.94 | 468 | 438 | 30 | 83/16-17 Dt: 27/10/2016 |
| 26 | ഹംസ, വെള്ളേങ്ങര | 175.16 | 526 | 495 | 31 | 82/16-17 Dt: |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 27/10/2016 |
| 27 | ഇസുദ്ദീൻ, വാഴതൊടിക | 194.94 | 585 | 547 | 38 | 69/16-17 Dt: 05/10/2016 |
| 28 | ഹൈദരാലി.കെ.പി & ഷഫ ഷെറിൻ | 91.80 | 276 | 237 | 39 | 68/16-17 Dt: 27/09/2016 |
| 29 | മുഹമ്മദ് ഇസ്ഹാഖ്, ചീരാൻതൊടിക | 133 | 399 | 357 | 42 | 66/16-17 Dt: 24/09/2016 |
| 30 | രതീഷ്, ആട്ടുപുരക്കൽ | 181.32 | 544 | 513 | 31 | 62/16-17 Dt: 24/09/2016 |
| 31 | അബ്ദുള്ള, ആനപ്പട്ടത്ത് | 196.18 | 589 | 540 | 49 | 61/16-17 Dt: 24/09/2016 |
| 32 | മുഹമ്മദ് ഫൈസൽ, മാഞ്ചേരി | 170.33 | 511 | 480 | 31 | 60/16-17 Dt: 24/09/2016 |
| 33 | ഷാനവാസ് & ആരിഫ് ഖാൻ | 244.54 | 734 | 691 | 43 | 55/16-17 Dt: 20/08/2016 |
| 34 | സുനീർ, വാളോറിങ്ങൽ | 125.35 | 376 | 350 | 26 | 54/16-17 Dt: 20/08/2016 |
| 35 | സമീർ, പൊട്ടേങ്ങൽ | 179.69 | 540 | 504 | 36 | 51/16-17 Dt: 20/08/2016 |
| 36 | അസ്കറലി, വള്ളുവമ്പാലി | 279.51 | 839 | 788 | 51 | 125/16-17 Dt: 21/01/2017 |
| 37 | ഉമ്മർ, അരിത്തല | 275.04 | 826 | 783 | 43 | 123/16-17 Dt: 21/01/2017 |
| 38 | സുലൈഖ, വള്ളിയിൽ | 139.70 | 420 | 395 | 25 | 122/16-17 Dt: 20/01/2017 |

| | | | | | | |
|---|---|---|---|---|---|---|
| 39 | കുഞ്ഞബ്ദുള്ള, ആനപ്പട്ടത്ത് | 256.32 | 769 | 721 | 48 | 121/16-17 Dt: 21/01/2017 |
| 40 | ശശിധരൻ, കോട്ടക്കുന്നത്ത് | 151.13 | 454 | 420 | 34 | 120/16-17 Dt: 16/01/2017 |
| 41 | അബ്ദുറഹിമാൻ, മാഞ്ചേരി | 203.91 | 612 | 573 | 39 | 119/16-17 Dt: 16/01/2017 |
| 42 | സഫീർ, പള്ളിയാലിതൊടിക | 254.61 | 764 | 712 | 52 | 117/16-17 Dt: 11/01/2017 |
| 43 | ഉണ്ണികോയ, മഠത്തിൽ | 207.08 | 622 | 574 | 48 | 116/16-17 Dt: 11/01/2017 |
| 44 | അൻവർ സാദത്ത്, ഇരട്ടപ്പുലാൻ | 207.60 | 623 | 588 | 35 | 113/16-17 Dt: 30/12/2016 |
| 45 | താലിഷ് മുതൽ പേർ | 480.20 | 1441 | 1347 | 94 | 112/16-17 Dt: 30/12/2016 |
| 46 | ഷമീം, കൈപ്പഞ്ചേരി | 138.76 | 417 | 368 | 49 | 109/16-17 Dt: 21/12/2016 |
| 47 | ആയിഷുമ്മ മുതൽ പേർ | 137.90 | 414 | 373 | 41 | 101/16-17 Dt: 07/12/2016 |
| 48 | ഫിറോസ്, പഴയടത്ത് | 130.73 | 393 | 355 | 38 | 02/16-17 Dt: 07/04/2016 |
| 49 | സഫീർ, പൊറ്റയിൽ | 151 | 453 | 405 | 48 | 19/16-17 Dt: 27/04/2016 |
| ആകെ | | | 27624 | 25705 | 1919 | |

2). പോർച്ച് ഏരിയക്ക് ക്രമവൽക്കരണ ഫീസ് ചുമത്തിയില്ല - 350 രൂപ നഷ്ടം.

കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ച് നൽകിയപ്പോൾ പോർച്ച് ഏരിയ ഒഴിവാക്കിക്കൊണ്ട് ഫീസ് ഈടാക്കിയത് മൂലം ക്രമവൽക്കരണ ഫീസ് ഇനത്തിൽ താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | തറ വിസ്തീർണ്ണം | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് | കെട്ടിടനമ്പർ/ തിയ്യതി |
|---|---|---|---|---|---|---|

| | | (ച.മീ) | @₹2x3/ച.മീ. | | | |
|---|---|---|---|---|---|---|
| 1 | അലവികുരിക്കൾ, മാഞ്ചേരി | 146.48 | 879 | 810 | 69 | KP VII/320A / 11.05.2016 |
| 2 | അലവി, മാഞ്ചേരി | 119.73 | 719 | 657 | 62 | KP XVIII/111A / 25.05.2016 |
| 3 | ഫൈസൽബാബു, ചോലക്കൽ | 133.07 | 799 | 729 | 70 | KP III/170A / 25.05.2016 |
| 4 | അബ്ദുൾ സക്കീർ, പട്ടിക്കാടൻ | 132.71 | 797 | 714 | 83 | KP IV/134B / 27.04.2016 |
| 5 | ജാഫർ, പുഴുത്തുണ്ണി | 141.02 | 847 | 781 | 66 | KP III/421A / 08.04.2016 |
| ആകെ | | | 4041 | 3691 | 350 | |

3). പെർമിറ്റ് ഫീസ് കുറവായി ഈടാക്കി - 2896 രൂപ നഷ്ടം.

പെർമിറ്റ് ഫീസ്/ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവ് വന്നതിലൂടെ ഗ്രാമപഞ്ചായത്തിന് 2896 രൂപ നഷ്ടം വന്നിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കേണ്ട ഫീസ് (നിരക്ക്) | ഈടാക്കിയ ഫീസ് | കുറവ് | പെർമിറ്റ് നമ്പർ/ തിയ്യതി |
|---|---|---|---|---|---|---|
| 1 | റംലത്ത്, തുള്ളിശ്ശേരി (വാണിജ്യം) | 472.14 | 2361 (@₹5/ച.മീ.) | 1760 | 601 | 56/16-17 / 25.08.2016 |
| 2 | സാദിഖ്, കുറ്റിപ്പുറവൻ (വാസഗൃഹം) | 267.68 | 803 (@₹3/ച.മീ.) | 504 | 299 | 139/16-17/ 20.03.2017 |
| 3 | സലാഹുദ്ദീൻ, ചെറുവള്ളി (വാസഗൃഹം) | 121.05 | 727 (@₹2x3/ച.മീ.) | 0 | 727 | ക്രമവൽക്കരണം. കെട്ടിട നമ്പർ.II/215 B തി: 23.02.2017 |
| 4 | മുഹമ്മദ് മുസ്ല്യാർ, കട്ടക്കാടൻ (വാസഗൃഹം) | 211.46 | 1269 (@₹2x3/ച.മീ.) | 0 | 1269 | ക്രമവൽക്കരണം. കെട്ടിട നമ്പർ. XIV/270A തി: 23.02.2017 |
| ആകെ | | | 5160 | 2264 | 2896 | |

4). പെർമിറ്റിൽ നിന്നും അധികരിച്ചുള്ള നിർമ്മാണത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല - 448 രൂപ നഷ്ടം.

അനുവദിച്ച പെർമിറ്റിൽ നിന്നും അധികരിച്ചുള്ള നിർമ്മാണത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കാഞ്ഞത് മൂലം പഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള | പെർമിറ്റ് അനുവദിച്ച തറവിസ്തീർണ്ണം | അധിക നിർമ്മാണം | ഈടാക്കേണ്ടിയിരുന്ന ക്രമവൽക്കരണ ഫീസ് | പെർമിറ്റ് നമ്പർ/ തിയ്യതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | തറവിസ്തീർണ്ണം (ച.മീ) | (ച.മീ | | | & കെട്ടിട നമ്പർ/തിയ്യതി |
| 1 | പൂക്കോയ തങ്ങൾ, വലിയാക്കത്തൊടിക (വാസഗൃഹം) | 186.15 | 111.56 | 74.59 | 448 | 07/16-17 / 19.04.2016 കെട്ടിട നമ്പർ. III/297 Aതി. 08.12.2016 |

ആകെ നഷ്ടം വന്ന തുകയായ 5613/- രൂപ (1919+350+2896+448) ഉത്തരവാദികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-7 അർഹത ഉറപ്പുവരുത്താതെ നികുതി ഇളവ് നൽകി.

ജി.ഒ (എം.എസ് ) 358/ 2015 തസ്വഭവ 16-12-2015 പ്രകാരം 660 സ്ക്വയർ ഫീറ്റ് വരെ തറവിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ / കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഒരു പഞ്ചവർഷ അസസ്മെന്റ് കാലയളവിലേക്ക് ഇപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം കർശനമായും സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഉടമസ്ഥന്റെ സത്യവാങ്മൂലം വാങ്ങാതെ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചതായി കാണുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | വാർഡ് / കെട്ടിട നമ്പർ | കെട്ടിടത്തിന്റെ തറവിസ്തീർണ്ണം (ച. മീ ) |
|---|---|---|---|
| 1 | ആസിഫ് മുഹമ്മദ് ഇബ്രാഹിം | XIV/64 A | 59.22 |
| 2 | അഹമ്മദ്കുട്ടി | IV/395 A | 60 |
| 3 | പാത്തുമ്മ | I/311 A | 46.24 |
| 4 | സീനത്ത്.എം | IX/113 A | 59.22 |
| 5 | ആയിഷാബി | VIII/382 A | 39.03 |
| 6 | മറിയം പാലയക്കോടൻ | VI/346 A | 59.53 |
| 7 | കടുങ്ങൻ | XIV/261 A | 58.63 |
| 8 | സലീറ | IX/210 A | 25.65 |
| 9 | ഉമ്മുകൽസു മുതൽ പേർ | XVI/421 A | 51.09 |
| 10 | നാണു | VII/ 269 A | 60 |
| 11 | കൃഷ്ണൻകുട്ടി | III/ 134 A | 56.68 |
| 12 | പുഷ്പരാജൻ | III/411 A | 58.82 |
| 13 | സരോജിനി | XVII/117 D | 55.76 |
| 14 | ലക്ഷ്മിക്കുട്ടി | XVII/117 F | 55.76 |
| 15 | നസീമ | XII/88 A | 60 |
| 16 | മൊയ്തീൻ | VI/231 C | 57.52 |
| 17 | ചാത്തപ്പൻ | XVIII/4 B | 57.83 |

| | | | |
|---|---|---|---|
| 18 | ഇബ്രാഹിം | I/497 C | 40.95 |
| 19 | നിസാർ | XVI/306 A | 45.50 |
| 20 | ഷീന | IX/369 B | 58.81 |
| 21 | ഗോപാലൻ | XVII/452 B | 45.22 |
| 22 | ശാരദ | I/364 A | 56.24 |
| 23 | തസ്ലിയ | I/362 A | 41.54 |
| 24 | ഗോവിന്ദൻ | XIX/260 B | 39.93 |
| 25 | അബ്ദുള്ള | XVIII/185 A | 29.68 |
| 26 | രമേഷ് | XIV/344 A | 45.52 |
| 27 | സൈനബ | VII/602 | 60 |
| 28 | മൈമൂന | IV/179 B | 55.62 |

അർഹതപ്പെട്ടവർക്ക തന്നെയാണോ നികുതിയിളവ് നൽകിയിട്ടുള്ളത് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തി സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതും അർഹരല്ലാത്തവരിൽ നിന്ന് വസ്തുനികുതി ഈടാക്കേണ്ടതുമാണ്. ഇക്കാര്യം സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.11/29.08.2017 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-8 പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി നിരീക്ഷിക്കപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ അനുവദിച്ച കെട്ടിട നിർമ്മാണ പെർമിറ്റുകളിൽ, കാലാവധി അവസാനിച്ചിട്ടും പൂതുക്കാത്തവയും, ഒക്കുപ്പൻസി അനുവദിക്കാത്തതുമായ ധാരാളം പെർമിറ്റ് ഫയലുകൾ അവശേഷിക്കുന്നുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ച പെർമിറ്റുകൾ മാത്രം പരിശോധിച്ചതിൽ അനേകം കെട്ടിട നിർമ്മാണങ്ങൾക്ക് ഓഡിറ്റ് തിയ്യതി വരെ ഒക്കുപ്പൻസി അനുവദിച്ചതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | വിനിയോഗം | തറവിസ്തീർണ്ണം (ച.മീ) | പെർമിറ്റ് നമ്പർ / തിയ്യതി |
|---|---|---|---|---|
| 1 | കരീം എറമ്പത്ത് | വാണിജ്യം | 273.39 | 04/13-14 തി. 05/08/2013 |
| 2 | ഫായിസ.കെ.പി, കടവത്ത്പറമ്പൻ | പാർപ്പിടം (ക്വാർട്ടേഴ്സ്) | 605.97 | 10/13-14 തി. 29.11.2013 |
| 3 | ഷംസുദ്ദീൻ, കുനർകാടൻ | പാർപ്പിടം | 99.22 | A4-6078/13 തി. 05.12.2013 (നിരാക്ഷേപ പത്രം) |
| 4 | അബ്ദുൾ ഗഫൂർ, കോലോത്തുംതൊടിക | പാർപ്പിടം | 97.77 | A4-5968/13 തി. 29.11.2013 (നിരാക്ഷേപ പത്രം) |
| 5 | ശറഫുദ്ദീൻ, മണ്ണിശ്ശേരി | പാർപ്പിടം | 130.85 | A4-6161/13 തി. 13.12.2013 (നിരാക്ഷേപ പത്രം) |

| | | | | |
|---|---|---|---|---|
| 6 | ജയപ്രകാശ് പൈക്കാടൻ | പാർപ്പിടം | 112.44 | A4-6202/13 തി. 13.12.2013 (നിരാക്ഷേപ പത്രം) |
| 7 | ഉണ്ണീരി പുതിയത്ത് | പാർപ്പിടം | 115.72 | A4-6096/13 തി. 29.11.2013 (നിരാക്ഷേപ പത്രം) |
| 8 | ഗോപി വീതനശ്ശേരി | പാർപ്പിടം | 204.40 | A4-6302/13 തി. 07.01.2014 (നിരാക്ഷേപ പത്രം) |
| 9 | ഷാജൻ പുളിക്കാത്ര | പാർപ്പിടം | 214.96 | A4-4651/13 തി. 07.10.2013 (നിരാക്ഷേപ പത്രം) |
| 10 | കുഞ്ഞിമുഹമ്മദ് പിലാക്കൽ | പാർപ്പിടം | 68.02 (Extn) | A4-6209/13 തി. 19.02.2014 (നിരാക്ഷേപ പത്രം) |

മുൻവർഷങ്ങളിലും, തൻവർഷത്തിലും നിലവിലുള്ള വാസഗൃഹകെട്ടിടത്തിൽ അധിക നിർമ്മാണം നടത്തുന്നതിനുള്ള അനേകം പെർമിറ്റ് അനുവദിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് വർഷത്തിൽ ഇപ്രകാരമുള്ള അധിക നിർമ്മാണത്തിന് വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നില്ല. നിലവിലുള്ള വാസഗൃഹ കെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ ഉള്ളതിനാൽ, നിർമ്മാണം പൂർത്തീകരിക്കുമ്പോൾ ഒക്കുപ്പൻസിക്ക് വേണ്ടി കെട്ടിടയുടമകൾ പഞ്ചായത്തിനെ സമീപിക്കുവാൻ സാധ്യത കുറവാണ്. ഈ സാഹചര്യത്തിൽ, നിർമ്മാണ പുരോഗതി നിരീക്ഷിച്ച് നിർമ്മാണം പൂർത്തിയാകുന്ന സന്ദർഭത്തിൽ വസ്തുനികുതി പുനർ നിർണ്ണയിക്കാത്ത പക്ഷം ഗ്രാമപഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കാവുന്ന നികുതി വരുമാനത്തിൽ കുറവ് വരുന്നു. പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി നിരീക്ഷിക്കപ്പെടേണ്ടതും, മുൻവർഷങ്ങളിൽ അനുവദിച്ച പെർമിറ്റുകളിൽ, പെർമിറ്റ് കാലാവധി അവസാനിച്ചിട്ടും ഒക്കുപ്പൻസി അനുവദിക്കപ്പെടാത്ത കെട്ടിടങ്ങളുടെ നിജസ്ഥിതി പരിശോധിച്ച് നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-9 വസ്തുനികുതി നിർണ്ണയത്തിലെ അപാകത - ഗ്രാമപഞ്ചായത്തിന് 4818/- രൂപ നഷ്ടം.

1). റബ്ബർ തടി അധിഷ്ഠിത വ്യവസായ സ്ഥാപനത്തിന് തടി മില്ലായി കണക്കാക്കി നികുതി നിർണ്ണയിച്ചു. - 3997 രൂപ നഷ്ടം.

വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 40 രൂപ / ച.മീ ആയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി പുരുഷോത്തമൻ.പി, പുളിക്കത്തറ ഹൌസ്, പൂങ്ങോട്.പി.ഒ എന്നവരുടെ ഉടമസ്ഥതയിലുള്ള പുളിക്കത്തറ റബ്ബർവുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന് 07.10.2016 ന് 10 രൂപ /ച.മീറ്റർ നിരക്കിൽ നികുതി ചുമത്തിയതിലൂടെ 3997 /- രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | KP XIX/25 |
| തറവിസ്തീർണ്ണം | 140 ച.മീറ്റർ |

| | |
|---|---|
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40/ ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി ( 140 * 40) | 5600 രൂപ |
| (-) ഇളവ് - 30 % മേഖല – 10%, മേൽക്കൂര – 10%, കാലപ്പഴക്കം - 10% ) | 1680 രൂപ |
| (+) വർദ്ധനവ് - 20 % (റോഡ്) | 1120 രൂപ |
| ഈടാക്കേണ്ട വസ്തുനികുതി | 5040 രൂപ |
| ഈടാക്കിയ വസ്തുനികുതി | 1260 രൂപ. |
| ഈടാക്കിയതിൽ കുറവ് | 3780 രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (5600 * 5%) | 280 രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 63 രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 217 രൂപ. |
| ആകെ നഷ്ടം (3780 + 217 ) | 3997 രൂപ. |

2). കോഴി വളർത്തൽ ഷെഡ്ഡിന് പാർപ്പിടാവശ്യത്തിന്റെ നിരക്കിൽ നികുതി നിർണ്ണയിച്ചു. 821 രൂപ നഷ്ടം.

വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 40 രൂപ / ച.മീ ആയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ 07.10.2016 ന് ശ്രീ.ഗിരീഷ്കുമാർ, കാരാട്ടുതൊടിയിൽ ഹൌസ്, അരിമണൽ എന്നവരുടെ കോഴി ഫാമിന് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നിരക്കിൽ (4 രൂപ/ച.മീ) വസ്തുനികുതി നിർണ്ണയിച്ചതിലൂടെ 821 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | KP XIX/25 |
| തറവിസ്തീർണ്ണം | 144.64 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 10/ ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി ( 144.64 * 10) | 1447 രൂപ |
| (-) ഇളവ് - 10 % മേഖല – 10% | 144 രൂപ |
| (+) വർദ്ധനവ് - ഇല്ല | 0 |
| ഈടാക്കേണ്ട വസ്തുനികുതി | 1303 രൂപ |
| ഈടാക്കിയ വസ്തുനികുതി | 521 രൂപ. |
| ഈടാക്കിയതിൽ കുറവ് | 782 രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (1303 * 5%) | 66 രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 27 രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 39 രൂപ. |
| ആകെ നഷ്ടം (782 + 39 ) | 821 രൂപ. |

വസ്തുനികുതി നിർണ്ണയങ്ങളിലെ അപാകത പരിഹരിക്കേണ്ടതും നഷ്ടതുകയായ 4818/- രൂപ (3997 + 821) ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതുമാണ്.

## 2-10 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം ത സ്വ ഭ വ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ online transaction വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി zero balance account തുടങ്ങുന്നതിനും

ഉത്തരവായിട്ടുള്ളതാണ്.മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യേണ്ടത്. ആയത് പ്രകാരം , കാളികാവ് ഗ്രാമപഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് എത്ര രൂപയാണെന്നും അതിൽ എത്ര രൂപ ലഭ്യമായിട്ടുണ്ട് എന്ന വിവരവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 5/22-8-17 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സെക്രട്ടറിയുടെ പ്രോജക്ടുകൾ - ഒരു അവലോകനം.

ഓഡിറ്റ് വർഷം സെക്രട്ടറി ഇരുപത്തിയെട്ട് പ്രോജക്ടുകളാണ് ഏറ്റെടുക്കുന്നത്.ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 65,92,573 രൂപയാണ്. ചെലവഴിക്കുന്നത് 34,40,424 രൂപയാണ് .അതായത് 52.19 ശതമാനം മാത്രം. ഏറ്റെടുത്ത പ്രോജക്ടുകളിൽ പതിനൊന്ന് എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു. സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്. 31.52ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ടുകൾ നിർവഹിക്കാൻ സെക്രട്ടറിക്കായില്ല എന്ന് കാണുന്നു. ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകൾ അടുത്ത വർഷത്തേക്ക് സ്പിൽ ഓവറായി ഉൾപെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. പ്രോജക്ടുകൾ നിർവഹിക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്.

വ്യാപകമായ തോതിൽ പ്രോജക്ടുകൾ ഒഴിവാക്കപെടുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

### 3-2 ഡെപ്പോസിറ്റ് പ്രവർത്തി - പൂർത്തീകരിച്ചില്ല.

സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ഭാഗമായി താഴെ കൊടുത്ത പ്രകാരമുള്ള തുക വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | വൌച്ചർ നമ്പർ | തുക |
|---|---|---|---|
| 1 | 154/2017 പയറ്റ് കുഴി അംഗനവാടി പൈപ്പ് ലൈൻ നീട്ടൽ | 692/07.02.2017 | 310000 |
| 2 | 153/2017 കാളികാവ് വലിയപള്ളി തെക്ക് ഏരിയയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 692/07.02.2017 | 40000 |
| 3 | 155/2017 വെള്ളയൂർ കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 694/07.02.2017 | 510000 |
| 4 | 155/2017 വെള്ളയൂർ കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 695/07.02.2017 | 255000 |
| 5 | 157/2017 വാഴക്കുന്ന ഏരിയയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 696/07.02.2017 | 300000 |
| 6 | 158/2017 തണ്ടുകോട് ചെറുത്ത് ഏരിയയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 697/07.02.2017 | 560000 |

| | | | |
|---|---|---|---|
| | ആകെ | | 19,75,000 |

- ക്രമ നമ്പർ ഒന്ന് പ്രകാരമുള്ള പ്രവർത്തിയിൽ 500മീറ്റർ പൈപ്പ് ലൈൻ നീട്ടുന്നതിനാണ് തുക അടവാക്കുന്നത്. വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം ലേബർ ചാർജ് 136000 രൂപ, മെറ്റീരിയൽസ് വില 126137, റോഡ് റസ്റ്റോറേഷൻ ചാർജ് 9113 രൂപ, സെൻഡേജ് ചാർജ് 3875 എന്നിവ ഉൾപെടുന്നതാണ് അടങ്കൽ തുക.

- ക്രമ നമ്പർ രണ്ട് പ്രകാരമുള്ള പ്രവർത്തിയിൽ 75മീറ്റർ പൈപ്പ് ലൈൻ നീട്ടുന്നതിനാണ് തുക അടവാക്കുന്നത്.വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം ലേബർ ചാർജ് 15000 രൂപ, മെറ്റീരിയൽസ് വില 14917, റോഡ് റസ്റ്റോറേഷൻ ചാർജ് 5083 രൂപ, സെൻഡേജ് ചാർജ് 5000 എന്നിവ ഉൾപെടുന്നതാണ് അടങ്കൽ തുക.

- ക്രമ നമ്പർ മൂന്ന് , നാല് എന്നിവ പ്രകാരമുള്ള പ്രവർത്തിയിൽ 1625 മീറ്റർ പൈപ്പ് ലൈൻ നീട്ടുന്നതിനാണ് തുക അടവാക്കുന്നത്.വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം ലേബർ ചാർജ് 455000 രൂപ, മെറ്റീരിയൽസ് വില 206600, റോഡ് റസ്റ്റോറേഷൻ ചാർജ് 18400 രൂപ, സെൻഡേജ് ചാർജ് 85000 എന്നിവ ഉൾപെടുന്നതാണ് അടങ്കൽ തുക.

- ക്രമ നമ്പർ അഞ്ച് പ്രകാരമുള്ള പ്രവർത്തിയിൽ 455മീറ്റർ പൈപ്പ് ലൈൻ നീട്ടുന്നതിനാണ് തുക അടവാക്കുന്നത്.വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം ലേബർ ചാർജ് 108000 രൂപ, മെറ്റീരിയൽസ് വില 129129, റോഡ് റസ്റ്റോറേഷൻ ചാർജ് 25371 രൂപ, സെൻഡേജ് ചാർജ് 37500 എന്നിവ ഉൾപെടുന്നതാണ് അടങ്കൽ തുക.

- ക്രമ നമ്പർ ആറ് പ്രകാരമുള്ള പ്രവർത്തിയിൽ 1150മീറ്റർ പൈപ്പ് ലൈൻ നീട്ടുന്നതിനാണ് തുക അടവാക്കുന്നത്.വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം ലേബർ ചാർജ് 316000 രൂപ, മെറ്റീരിയൽസ് വില 131224, റോഡ് റസ്റ്റോറേഷൻ ചാർജ് 42776 രൂപ, സെൻഡേജ് ചാർജ് 70000 എന്നിവ ഉൾപെടുന്നതാണ് അടങ്കൽ തുക. പ്രവർത്തികളുടെ വൗച്ചർ പരിശോധിച്ച് താഴെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1-വാട്ടർ അതോറിറ്റിയുമായി കരാർ ചമക്കുന്നുണ്ട്. എന്നാൽ പ്രവർത്തി പൂർത്തിയാക്കേണ്ട തിയ്യതി സംബന്ധിച്ച യാതൊരു വിവരവും കരാറിൽ ഉൾപെടുത്തിയിട്ടില്ല.

2-ഓരോ പ്രവർത്തിക്ക് വേണ്ടിയും റോഡ് റസ്റ്റോറേഷൻ ചാർജ് പഞ്ചായത്തിൽ നിന്ന് ഈടാക്കുന്നുണ്ട്. എന്നാൽ പ്രവർത്തിയുടെ ഭാഗമായി റോഡ് കട്ട് ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത റോഡ് ആര് പുനസ്ഥാപിക്കും എന്നും കരാറിൽ വ്യക്തമായ യാതൊരു പരാമർശവും ഉൾപെടുത്തിയിട്ടില്ല.

3-ഓഡിറ്റ് തിയ്യതി വരെ പ്രവർത്തി പൂർത്തിയാക്കി, ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു. പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ച് വിശദമായ മൂല്യനിർണ്ണയം സഹിതം വിവരം ലഭ്യമാക്കും വരെ ചെലവു തുക 19,75,000/- രൂപ തടസ്സം ചെയ്യുന്നു.

## 3-3 <u>ഇൻസിനറേറ്റർ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.</u>

പഞ്ചായത്ത് കോമ്പൌണ്ടിൽ നിന്ന് ഇൻസിനറേറ്റർ സി.എച്ച.സി പരിസരത്തേക്ക് മാറ്റുന്നതിന് സെക്രട്ടറി തനത് ഫണ്ടിൽ നിന്ന് 632/11.04.2016 പ്രകാരം 5500 രൂപ ചെലവഴിക്കുന്നുണ്ട്. ഭരണ സമിതിയുടെ 18/20.02.2016 തീരുമാന പ്രകാരമാണ് തുക ചെലവഴിക്കുന്നത്. 2013-14 വർഷം വാങ്ങിയതാണ് ഈ ഉപകരണം എന്നും ഫയലിൽ നിന്ന് വ്യക്തമാവുന്നു. പ്രസ്തുത ഉപകരണം 2015 ഡിസംബറിൽ സി.എച്ച്.സി പരിസരത്ത് സ്ഥാപിച്ചതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

തുടക്കത്തിൽ പഞ്ചായത്ത് പുറമ്പോക്കിൽ സ്ഥാപിച്ച ഇൻസിനറേറ്റർ പൊതു ജനങ്ങളുടെ എതിർപ്പ് കാരണം തുടർന്ന് പ്രവർത്തിപ്പിക്കാൻ അനുവദിച്ചില്ല എന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്ത് പുറമ്പോക്കിൽ പ്രവർത്തിപ്പിക്കാൻ സാധ്യമല്ലാത്ത ഉപകരണം സി.എച്ച്.സി കോമ്പൌണ്ടിൽ പ്രവർത്തിപ്പിക്കുന്നത് എങ്ങനെ എന്ന് ഫയലിൽ വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത മാലിന്യ സംസ്കരണ സംവിധാനം നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നും, ഏതെല്ലാം സ്ഥലങ്ങളിലെ മാലിന്യമാണ് ഇപ്രകാരം സംസ്കരിക്കപ്പെടുന്നത് എന്നും വ്യക്തമാക്കേണ്ടതാണ്.

## 3-4 <u>വാട്ടർ ചാർജ് അടവാക്കൽ - വിവരങ്ങൾ ലഭ്യമല്ല.</u>

ഗ്രാമ പഞ്ചായത്ത് പരിധിയിലെ ഏഴ് പൊതു ടാപ്പുകൾക്ക് 3063 രൂപ വിതം ഓരോ മാസവും സെക്രട്ടറി തനത് ഫണ്ടിൽ നിന്ന് അടവാക്കി വരുന്നുണ്ട്. ഇപ്രകാരം വെള്ളക്കരം ഇനത്തിൽ 36756 രൂപ വാട്ടർ അതോരിറ്റിയിൽ അടവാക്കുന്നുണ്ട്.ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക അടവാക്കുന്ന എന്നതല്ലാതെ മറ്റ് വിവരങ്ങൾ വൌച്ചറുകളിൽ രേഖപ്പെടുത്തുന്നില്ല. വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയ വിവരം, നിലവിൽ ഈ ടാപ്പുകളിൽ വെള്ളം ലഭിക്കുന്നുണ്ടോ എന്ന വിവരം, ഗ്രാമ പഞ്ചായത്തിന്റെ ഏത് വാർഡുകളിലാണ് പൊതു ടാപ്പുകൾ നിലവിലുള്ളത്, ഈ ടാപ്പുകൾ പൊതു ആവശ്യങ്ങൾക്ക് പ്രയോജനപെടുത്തപെടുന്നുണ്ടോ എന്നീ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-5 തെരുവ് വിളക്കുകൾ - കുടിശ്ശിക തുക അടവാക്കിയ വിവരം ലഭ്യമാക്കിയിട്ടില്ല.

മുൻ വർഷങ്ങളിൽ പദ്ധതികളിൽ ഉൾപെടുത്തി പുതുതായി സ്ഥാപിച്ച തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് കുടിശ്ശികയായി വൗച്ചർ 1067/31.03.2017 പ്രകാരം 281224 രൂപ പ്രോജക്ട് പ്രകാരം അടവാക്കുന്നുണ്ട്. ഇപ്രകാരം കുടിശ്ശിക അടവാക്കുന്നതിന് സർക്കാർ അനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ വൈദ്യുതി ബോർഡിന്റെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള 35000 രൂപയുടെ സർചാർജ് പഞ്ചായത്ത് പ്രസിഡന്റ് സ്വന്തം നിലക്ക് അടവാക്കുന്നതാണ് എന്നാണ് ഫയലിലും ഭരണസമിതി തീരുമാനത്തിലും രേഖപ്പെടുത്തി കാണുന്നത്. എന്നാൽ ഈ തുക അടവാക്കിയ വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയ രേഖകൾ പ്രകാരം ഇപ്പോഴും സർചാർജ് ഇനത്തിൽ പഞ്ചായത്തിന് ബാധ്യതയുള്ളതായി വ്യക്തമാവുന്നു. തുക അടവാക്കിയ വിവരം ലഭ്യമാക്കുകയോ, വൈദ്യുതി ചാർജ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് നിലവിൽ വൈദ്യുതി ബോർഡിൽ ബാധ്യതകൾ ഇല്ല എന്ന് വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

## 3-6 ചെലവുകൾക്ക് വ്യക്തമായ അനുബന്ധരേഖകൾ ഇല്ല.

സെക്രട്ടറിയുടെ താഴെ കൊടുത്ത വൗച്ചറുകളിലായി ചെലവഴിച്ച തുക, അതാതിന് നേരേ കാണിച്ച കാരണങ്ങളാൽ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

| വൌച്ചർ | തുക | ചെലവിനം | അപാകത |
|---|---|---|---|
| 639/12.01.2017 | 68463 | 99/2017 പ്രോജക്ട് -IKM ഷെയർ നൽകുന്നത് | രസീത് ഇല്ല |
| 698/07.02.2017 | 50000 | ആനിമൽ ബർത്ത് കൺട്രോൾ -പഞ്ചായത്ത് വിഹിതം അടവാക്കിയത് | രസീത് ഇല്ല |
| 699/07.02.2017 | 100000 | സോഷ്യൽ സെക്യൂരിറ്റി മിഷൻ -പഞ്ചായത്ത് വിഹിതം | രസീത് ഇല്ല |
| 700/07.02.2017 | 10000 | പ്ലാനിങ്ങ് ഓഫീസ് നിർമാണം - പഞ്ചായത്ത് വിഹിതം | രസീത് ഇല്ല. വിനിയോഗ വിവരം ഇല്ല |
| 1063/31.03.2017 | 193393 | ലൈബ്രറി സെസ്സ് അടവാക്കുന്നത് | രസീത് ഇല്ല |
| | 421856 | | |

പ്രസ്തുത ഏജൻസികൾക്ക് അർഹമായ രസീത് , വിനിയോഗ വിവരം എന്നിവ ലഭ്യമാക്കാൻ പഞ്ചായത്തിൽ നിന്ന് കത്ത് നൽകിയ വിവരം ഫയലിൽ ഉണ്ട്.എന്നാൽ നാളിത് വരെ പ്രസ്തുത വിവരങ്ങൾ ലഭ്യമായിട്ടില്ല.

## 3-7 ഫർണിച്ചർ വിതരണം - സർക്കാർ നിർദേശം പാലിച്ചില്ല.

എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം ചെയ്യുന്നതിനുള്ളതാണ് അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ 166/17 പ്രോജക്ട്. പ്രോജക്ടിന് ബിൽ 06/31.03.2017 പ്രകാരം 15847 രൂപ പ്ലാൻ ഫണ്ടിൽ നിന്ന് ചെലവുണ്ട്. പ്രോജക്ട് നിർവഹണത്തിനായി ടെണ്ടർ നടപടികൾ സ്വീകരിച്ച് അനുഗ്രഹ മെറ്റൽസ് , തേഞ്ഞിപ്പലം എന്ന സ്ഥാപനത്തിൽ നിന്നാണ് ഫർണിച്ചർ വാങ്ങുന്നത്. ഇപ്രകാരം നാല് വിദ്യാർഥികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

GO(MS) 04/2016 Lsgd Dtd 11.01.2016 സബ്സിഡി മാർഗരേഖ 6.5 പ്രകാരം നിർദേശിച്ച മാനദണ്ഡങ്ങൾ പൂർണമായി പാലിച്ചില്ല എന്ന് കാണുന്നു.ഗുണഭോക്താക്കൾക്ക് പട്ടിക ജാതി വകുപ്പിൽ നിന്ന് ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കുന്ന യാതൊരു രേഖയും ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

രേഖകളുടെ അഭാവം ശ്രദ്ധയിൽ പെടുത്തുന്നു.

## 3-8 സൈക്കിൾ വിതരണം - സർക്കാർ നിർദേശം പാലിച്ചില്ല.

എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിനുള്ളതാണ് അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ 165/17 പ്രോജക്ട്. പ്രോജക്ടിന് ബിൽ 08/30.03.2017 പ്രകാരം 496800 രൂപ പ്ലാൻ ഫണ്ടിൽ നിന്നും 50600 രൂപ തനത് ഫണ്ടിൽ നിന്നും (TSB 1593573/29.03.2017) ചെലവുണ്ട്.. ടെണ്ടർ നടപടികൾ സ്വീകരിച്ച് സഫാരി സൈക്കിൾസ് മലപ്പുറം എന്ന് സ്ഥാപനത്തിൽ നിന്നാണ് സൈക്കിൾ വാങ്ങുന്നത്. ഇപ്രകാരം 115 വിദ്യാർഥികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

GO(MS) 04/2016 Lsgd Dtd 11.01.2016 സബ്സിഡി മാർഗരേഖ 6.5 പ്രകാരം നിർദേശിച്ച മാനദണ്ഡങ്ങൾ പൂർണമായി പാലിച്ചില്ല എന്ന് കാണുന്നു.ഗുണഭോക്താക്കൾക്ക് പട്ടിക ജാതി വകുപ്പിൽ നിന്ന് ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കുന്ന യാതൊരു രേഖയും ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

രേഖകളുടെ അഭാവം ശ്രദ്ധയിൽ പെടുത്തുന്നു.

## 3-9 വീട് വെക്കാൻ സ്ഥലം - അധിക തുക നൽകി.

എസ്.സി വിഭാഗങ്ങൾക്ക് വീട് വെക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ളതാണ് അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ 129/2017 പ്രോജക്ട്.പ്രോജക്ടിന്റെ ഭാഗമായി സുചിത്ര സുകുമാരൻ എന്ന ഗുണഭോക്താവിന് ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്.

പ്രോജക്ടിന് ബിൽ 09/31.03.2017 പ്രകാരം പ്ലാൻ വിഹിതം 315000 രൂപയും തനത് ഫണ്ടിൽ നിന്ന് ട്രഷറി ചെക്ക് 1593574/29.03.2017 പ്രകാരം 60000 രൂപയും ഉൾപ്പെടെ 3.75 ലക്ഷം ചെലവുണ്ട്.

GO(MS) 04/2016 Lsgd Dtd 11.01.2016 സബ്സിഡി മാർഗരേഖ പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 29/18.01.2017 തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്തിൽ എസ്.സി വിഭാഗത്തിന് 3.75 ലക്ഷം രൂപ പരമാവധി നൽകാവുന്നതാണ് എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

കാളികാവ് ഗ്രമ പഞ്ചായത്തിലെ വെള്ളയൂർ വില്ലേജ് റീസർവെ 304/1.2 ൽ പെട്ട .0202 ആർ ഭൂമിയാണ് ഗുണഭോക്താവ് വാങ്ങുന്നത്. 3.75 ലക്ഷം രൂപ സ്ഥലം ഉടമയായ സിദ്ധീഖ് എന്ന വ്യക്തിയുടെ ബാങ്ക് അകൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം ഗുണഭോക്താവായ സുചിത്ര സുകുമാരൻ , ഭർത്താവ് സുകുമാരൻ എന്നിവരുടെ സംയുക്ത ഉടമസ്ഥതയിൽ വണ്ടൂർ സബ് രജിസ്ട്രാർ ഓഫീസിൽ 142/28.03.2017 പ്രകാരം രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആധാരത്തിൽ പ്രസ്തുത ഭൂമിക്ക് 75000 രൂപ മാത്രമാണ് തീരുവിലയായി നിശ്ചയിച്ചിട്ടുള്ളത്. ഈ തീരുവിലയുടെ അടിസ്ഥാനത്തിൽ 6000 രൂപയുടെ മുദ്രപത്രത്തിലാണ് പരാമർശിത ആധാരം തയ്യാറാക്കിയിട്ടുള്ളത് എന്നും നിലവിൽ രേഖകൾ പ്രകാരം ഈ സർവെ നമ്പറിൽ പെട്ട ഭൂമിക്ക് ഫെയർ വാല്യൂ 11000 രൂപയാണെന്നും ആയത് 50 ശതമാനം വർദ്ധനവ് വരുത്തി ഒരു ആറിന് 16500 രൂപയാണ് എന്നും ആധാരത്തിൽ പരാമർശിക്കുന്നുണ്ട്

എസ്.സി ഗുണഭോക്താവിന്റെ പേരിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഭൂമി വാങ്ങുന്നതിന് കേരള സർക്കാർ സ്റ്റാമ്പ് ഡ്യൂട്ടിയിൽ പ്രത്യേക ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ആനുകൂല്യം ഗണഭോക്താവിന് ലഭ്യമാക്കുന്നതിൽ യഥാസമയം ഇടപെടലുകൾ നടത്തുന്നതിൽ പഞ്ചായത്ത് അധികാരികൾ ശ്രദ്ധിച്ചിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

ആധാര വില പരിശോധിക്കാതെ നിർവഹണ ഉദ്യോഗസ്ഥൻ സ്ഥല ഉടമക്ക് തുക നൽകിയത് ഗുരുതര വീഴ്ച്ചയാണ്. ഇത് കാരണം സർക്കാർ ഫണ്ടിന്ന് വ്യക്തമയ രീതിയിൽ മൂന്ന് ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. അധികം നൽകിയ 3,00,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-10 വാഹന വാടക അനുവദിച്ചത്- രേഖകൾ പൂർണമല്ല.

ഗ്രാമ പഞ്ചായത്തിലെ മുപ്പത്തിരണ്ട് അംഗനവാടികളിലേക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നത് കാളികാവ് മാവേലി സ്റ്റോറിൽ നിന്നാണ്. ഈ ഭക്ഷ്യ ധാന്യങ്ങളും, സബല സ്കീമിന്റെ ഗോതമ്പ് എന്നിവ അംഗനവാടികളിൽ എത്തിക്കുന്നതിന് താഴെ കൊടുത്ത പ്രകാരം ട്രാൻസ്പോർട്ടേഷൻ ചാർജ് ICDS സൂപ്പർ വൈസർ നൽകിയിട്ടുണ്ട്.

| ബിൽ നമ്പർ/ചെക്ക് നമ്പർ | നൽകിയ തുക | വിതരണം ചെയ്ത അളവ് |
|---|---|---|
| 137758/21.10.2016- | 33372 | 19630.5 |
| 847673/30.12.2016 | 22630 | 13311 |
| 445651/14.02.2016 | 5095 | 2997 |
| 70390/27.02.2017 | 27053 | 15914 |
| ആകെ | 88150 | |

തുക നൽകുന്നത് മുസാഫിർ എന്ന വ്യക്തിക്കാണ്. കിലോക്ക് 1.7 പൈസ നിരക്കിലാണ് തുക അനുവധിക്കുന്നത്. ഫയൽ പരിശോധിച്ച് താഴെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

- മുസാഫിർ എന്ന വ്യക്തിക്കാണ് വിതരണ അവകാശം നൽകുന്നത്. ടിയാൻ ഹാജരാക്കിയ രേഖ പ്രകാരം KL-71C-339 വാഹനത്തിലാണ് ഭക്ഷ്യ ധാന്യങ്ങൾ അംഗനവാടികളിലേക്ക് എത്തിക്കുന്നത്. എന്നാൽ ഈ വാഹനത്തിന്റെ വിശദാംശങ്ങൾ ഓൺലൈനിൽ പരിശോധിച്ചതിൽ പ്രസ്തുത വാഹനം ഹീറോയുടെ Mastro Dlx ബൈക്ക് ആണെന്ന് വ്യക്തമാവുന്നു. മോട്ടോർ ബെക്കിൽ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്നതായി രേഖപ്പെടുത്തിയത് ഗുരുതര വീഴ്ച്ചയായി കാണുന്നു.

- ക്വട്ടേഷൻ നോട്ടീസ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. നോട്ടീസ് പഞ്ചായത്തിലെ പൊതു സ്ഥലങ്ങളിൽ ഒരിടത്തും പരസ്യം ചെയ്തതായ വിവരവും ഫയലിൽ ഇല്ല. വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, ബ്ലോക്ക് ഓഫീസ് എന്നിവിടങ്ങളിൽ പരസ്യം ചെയ്യുന്നതിനായി കോപ്പി നൽകിയതായും കാണുന്നില്ല.

- ക്വട്ടേഷനിൽ പങ്കെടുക്കുന്നത് മൂന്ന് പേരാണ്. ഇവരിൽ മുസാഫിർ എന്ന വ്യക്തിയുടെ ക്വട്ടേഷനാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ആയത് സംബന്ധിച്ച ഭരണ സമിതി തീരുമാനം ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

- കിലോക്ക് 1.7 പൈസ നിരക്കിലാണ് വിതരണ ചുമതല മുസാഫിർ എന്ന വ്യക്തിക്ക് നൽകുന്നത്. എന്നാൽ ഇയാളുമായി കരാർ ചമക്കാതെയാണ് തുകനൽകിയിട്ടുള്ളത്.

- ഭക്ഷ്യ ധാന്യ വിതരണത്തിനുള്ള അവകാശം നൽകുന്ന കാലയളവ് പരിശോധനക്ക് ഹാജരാക്കിയ ഫയലിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല.

വാഹനത്തിന്റെ വിവരങ്ങൾ ഉൾപ്പെടുന്ന രേഖകൾ, തുക നൽകുന്നതിന് അടിസ്ഥാനമായ ക്വട്ടേഷൻ, ഭരണസമിതിയുടെ തീരുമാനം എന്നിവയൊന്നും ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

ഈ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു. വ്യക്തമായ വിശദീകരണം ലഭ്യമാകുംവരെ ചെലവു തക തടസ്സം ചെയ്യുന്നു.

## 3-11 ഐ.എ.വൈ ഭവനനിർമ്മാണം - വിശദാംശം ലഭ്യമല്ല.

കാളികാവ് ബ്ലോക്ക് പഞ്ചായത്ത് നിർവഹണം നടത്തുന്ന വിവിധ ഭവന നിർമ്മാണ പ്രവൃത്തികൾക്ക് പഞ്ചായത്ത് വിഹിതം അടവാക്കുന്നതിനായി താഴെ പറയുന്ന പ്രകാരം തുക അസിസ്റ്റന്റ് സെക്രട്ടറി ചെലവഴിക്കുന്നുണ്ട്.

| പ്രോജക്ട് | തുക | ബിൽ നമ്പർ |
|---|---|---|
| 102/2017 | 1800000 | 02/21.03.2017 |
| 101/2017 | 90000 | 01/21.03.2017 |
| 102/2017 | 518000 | 07/31.03.2017 |

- തുക ബ്ലോക്ക് പഞ്ചായത്തിന്റെ പഞ്ചാബ് നാഷണൽ ബാങ്കിന്റെ കാളികാവ് ശാഖയിലെ 95239 ൽ അവസാനിക്കുന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുകയാണ്. ഇപ്രകാരം അടവാക്കിയ തുക എന്നാണ് ബ്ലോക്ക്

പഞ്ചായത്തിൽ IAY അകൗണ്ടിൽ വരവ് ചേർത്തിട്ടുള്ളത് എന്ന് അറിയിക്കേണ്ടതാണ്.

- ഇപ്രകാരം നൽകിയ തുകയിൽ എത്ര രൂപ വിനിയോഗിച്ചു എന്നും , എത്ര ഗുണഭോക്താക്കൾക്കാണ് പ്രോജക്ടിന്റെ ആനുകൂല്യം അനുവദിച്ചത് എന്നും, ഇനിയും വിനിയോഗിക്കാത്ത തുക എത്രയെന്നും വ്യക്തമാക്കേണ്ടതാണ്.

- എത്ര പേർക്കാണ് ഈ പഞ്ചായത്തിൽ നിന്ന് വീട് അനുവദിക്കപ്പെട്ടിട്ടുള്ളത്. തൻവർഷം പഞ്ചായത്തിൽ നിന്ന് എത്ര ഗുണഭോക്താക്കൾ കരാർ വെച്ച് ധനസഹായം കൈപറ്റി എന്നും നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കിയ ഗുണഭോക്താക്കൾ എത്ര എന്നും വ്യക്തമാക്കേണ്ടതാണ് .

- അടവാക്കിയ തുകക്ക് അർഹമായ രസീത് വാങ്ങി ഫയലിൽ സൂക്ഷിക്കുകയോ, അനുവദിക്കപ്പെട്ട വീടുകളുടെ വിവരങ്ങൾ ഫയലിൽ ഉൾപെടുത്തുകയോ ചെയ്തിട്ടില്ല. അപാകത ശ്രദ്ധയിൽ പെടുത്തുന്നു.

## 3-12 ഭവന നിർമാണം ഇനിയും പൂർത്തിയായില്ല.

മുൻവർഷങ്ങളിൽ ആരംഭിച്ചതും ഓഡിറ്റ് വർഷം സ്പിൽ ഓവറായി തുടർന്ന് വന്ന് ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചതുമായ ഭവന നിർമാണ പ്രോജക്ടുകളിൽ ഇനിയും പൂർത്തിയാക്കാത്ത ഗുണ ഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് / തുക | ഗുണഭോക്താവ് | കൈപറ്റിയ തുക | നിലവിലെ സ്റ്റേജ് |
|---|---|---|---|
| 05/2015-16<br>150000 | സീനത്ത് ഉണ്ണീൻ | 60000 | തറപ്പണി പൂർത്തിയായി |
| 09/2015-16<br>150000 | ദേവകി ചേരക്കോട്ടിൽ | 60000 | തറപ്പണി പൂർത്തിയായി |
| 10/2015-16<br>200000 | കൃഷ്ണൻ മുണ്ടയിൽ | 140000 | ചുമർ പൂർത്തിയായി |
| 16/2015-16<br>100000 | മുജീബ് കോരങ്കണ്ടൻ | 40000 | തറപ്പണി പൂർത്തിയായി |
| 05/2009-10<br>75000 | രാമദാസ് പി | 52500 | തറപ്പണി പൂർത്തിയായി |

യുക്തമായ നടപടികൾ സ്വീകരിച്ച് ഈ ഗുണഭോക്താക്കൾ ഭവന നിർമാണ പ്രവർത്തി പൂർത്തായാക്കുന്നു എന്ന് ഭരണ സമിതി ഉറപ്പ് വരുത്തേണ്ടതാണ്. പ്രോജക്ടുകൾ പൂർത്തീകരിക്കാനുള്ള നടപടികൾ നിർവഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

## 3-13 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ(ഹോമിയോ)

ട്രഷറി ബിൽ നമ്പർ 1/16-17/14-3-17 പ്രകാരം 100000 രൂപ പിൻവലിച്ച് മരുന്ന് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി (ആലപ്പുഴ) ക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റെ രേഖകളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ 01/18.08.2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. മരുന്ന് ലഭ്യമാക്കി അറിയിക്കുന്നത് വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-14 ആയുർവേദ മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല.

സെക്രട്ടറി നിർവഹണം നടത്തിയതാണ് 98/2017 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട്. റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്ന് അഞ്ച് ലക്ഷം വകയിരുത്തിയ പ്രോജക്ടിന് അത്രയും തുക ചെലവ് ചെയ്തിട്ടുണ്ട്. ഔഷധിയുടെ പെർഫോർമ ഇൻവോയ്സ് അടിസ്ഥാനത്തിൽ വൌച്ചർ 840/01.03.2017 പ്രകാരം

ഔഷധിയുടെ അകൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിൽ 2,85,008/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന 2,14,992/- രൂപയുടെ മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കുന്നത് വരെ അവശേഷിക്കുന്ന ചെലവു തുക 2,14,992/- രൂപ തടസ്സം ചെയ്യുന്നു.

## 3-15 CHC ക്ക് മരുന്ന് ലഭ്യമായിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ(CHC)

1) PHC ക്ക് മരുന്ന് വാങ്ങൽ 113/16-17

ചെലവ്: 300000 രൂപ

ട്രഷറി ബിൽ നംപർ 11/16-17/23-3-17 200000

ട്രഷറി ബിൽ നംപർ 12/16-17/23-3-17 100000

ആകെ 300000

2)പരിരക്ഷ പദ്ധതി 112/16-17

ചെലവ്: 436694 രൂപ

ട്രഷറി ബിൽ നംപർ 7/16-17/22-2-17 155162

ട്രഷറി ബിൽ നംപർ 8/16-17/22-2-17 264166

ട്രഷറി ബിൽ നംപർ 9/16-17/22-2-17 17366

ആകെ 436694

മൊത്തം ചെലവ് (300000+436694) 736694 രൂപ

മേൽ പ്രകാരം 736694 രൂപ പിൻവലിച്ച് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റെ രേഖകളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ രേഖ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 22/30-8-17 നംപർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മരുന്ന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് KMSCL മായി ഫോൺ മുഖാന്തിരം നിരന്തരം ബന്ധപ്പെടുന്നുണ്ടെന്നും ലഭ്യമായാൽ അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി അക്കാര്യം അറിയിക്കുന്നത് വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-16 കൺവീനർ സർവ്വീസ് ടാക്സ് അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

താഴെപറയുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിയമപരമായ സർവ്വീസ് ടാക്സ് ഉൾപ്പെടുത്തി തയ്യാറാക്കി അംഗീകാരം വാങ്ങുകയും സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്തി കൺവീനർക്ക് തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കൺവീനർ ഈ തുക അടവാക്കിയതിന്റെ വിശദാംശം ലഭ്യമല്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പദ്ധതിയുടെ വിശദാംശം | നൽകിയ തുക | സർവ്വീസ് ടാക്സ് |
|---|---|---|---|
| 1 | തൊടികപ്പുലം അംഗനവാടി റിപ്പയർ 116/17<br>AS/TS തുക: 250000രൂപ<br>കൺവീനർ: ജാഫർ പി<br>കരാർ: 89/16-17/28-12-16<br>സർവ്വീസ് ടാക്സ്: 23680.33 രൂപ | മൂല്യനിർണ്ണയം: 226244<br>(+) ST: 23756<br>ആകെ: 250000<br>Ltd to 250000<br>(-) നികുതി 20000<br>കൺവീനർക്ക് 230000 | 23756 രൂപ |

| | | | |
|---|---|---|---|
| | (എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | (വൗച്ചർ നംപർ. 68/16-17 /21-3-17: 250000 രൂപ) | |
| 2 | കാളികാവ് ബസാർ UPS റിപ്പയർ 122/17<br>AS/TS തുക: 278500രൂപ<br>കൺവീനർ: മുഹമ്മത് അയൂബ്<br>കരാർ: 91/16-17/28-12-16<br>സർവ്വീസ് ടാക്സ്: 15692 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം: 268657<br>(+) ST: 16119<br>ആകെ: 284776<br>Ltd to 278500<br>(-) നികുതി 22280<br>കൺവീനർക്ക് 256220<br>(വൗച്ചർ നംപർ. 40/16-17 /1-3-17: 278500 രൂപ) | 16119 രൂപ |
| 3 | ആമപ്പോയിൽ സ്കൂൾ റിപ്പയർ120/17<br>AS/TS തുക: 280000രൂപ<br>കൺവീനർ: ഹംസ<br>കരാർ: 90/16-17/28-12-16<br>സർവ്വീസ് ടാക്സ്: 15806.82 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം: 268058<br>(+) ST: 16083<br>ആകെ: 284141<br>Ltd to 280000<br>(-) നികുതി 22400<br>കൺവീനർക്ക് 257600<br>(വൗച്ചർ നംപർ. 41/16-17/1-3-17: 280000 രൂപ) | 16083 രൂപ |
| 4 | ആക്കുംപാർ അംഗനവാടി റിപ്പയർ 117/17<br>AS/TS തുക: 75000രൂപ<br>കൺവീനർ: ഇട്ടേപ്പാടൻ ബഷീർ<br>കരാർ: 23/16-17/16-12-16<br>സർവ്വീസ് ടാക്സ്: 7528.54 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം: 70670<br>(+) ST: 7420<br>ആകെ: 78090<br>Ltd to 75000<br>(-) നികുതി 6000<br>കൺവീനർക്ക് 69000<br>(വൗച്ചർ നംപർ. 53/16-17 /1-3-17: 75000 രൂപ) | 7420രൂപ |
| 5 | അഞ്ചച്ചവിടി സബ്സെന്റർ റിപ്പയർ<br>AS/TS തുക: 25000രൂപ<br>കൺവീനർ: റഷീദ്<br>കരാർ: 82/16-17/27-12-16<br>സർവ്വീസ് ടാക്സ്: 2296.88രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം: 22965<br>(+) ST: 2411<br>ആകെ : 25376<br>Ltd to 25000<br>(-) നികുതി 2000<br>കൺവീനർക്ക് 23000<br>(വൗച്ചർ നംപർ. 20/16-17 /1-3-17: 25000 രൂപ) | 2411 രൂപ |
| | | ആകെ | 65789 രൂപ |

സർവ്വീസ് ടാക്സ് ഇനത്തിലുള്ള 65789 രൂപ കൺവീനർ അടവാക്കിയിട്ടുണ്ടെങ്കിൽ അക്കാര്യം അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ 09/26.08.2017 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർവ്വീസ് ടാക്സ് അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കുകയോ അല്ലാത്ത പക്ഷം 65,789/- രൂപ കൺവീനർമാരിൽ നിന്നും ഈടാക്കി അടവാക്കുകയോ ചെയ്യേണ്ടതാണ്. ആയത് വരെ ഈ ഇനത്തിലെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-17 കൺവീനർക്ക് മൂല്യനിർണ്ണയത്തേക്കാൾ കൂടുതൽ തുക നൽകി; നഷ്ടം 8712 രൂപ.

നിർവ്വഹണ ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

പ്രവൃത്തി: പൂങ്ങോട് സ്കൂൾ റിപ്പയർ 114/17

അടങ്കൽ: 90000 രൂപ

കൺവീനർ. മുഹമ്മത്

കരാർ: 108/16-17/10-1-17

അളവ് പുസ്തകം: 108/16-17

ചെലവ് : 90000 രൂപ( വൗച്ചർ 107/16-17/31-3-17)

സർവ്വീസ് ടാക്സ്: 7796.90(10.5%)

മേൽ സൂചിപ്പിച്ച മരാമത്ത് പ്രവൃത്തിയുടെ ആകെ മൂല്യനിർണ്ണയം 82967.65 രൂപയാണ്. എന്നാൽ മൂല്യനിർണ്ണയം 90000 രൂപയായി കണക്കാക്കി കൺവീനർക്ക് തുക നൽകിയും എസ്റ്റിമേറ്റിലുൾപ്പെടുത്തിയ സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിലുൾപ്പെടുത്താതിരിക്കുകയും ചെയ്തത് വഴി 8712 രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയത് |
|---|---|---|
| മൂല്യനിർണ്ണയം: 82967.65<br>ltd to: 90000<br>(-) നികുതി 7200<br>കൺവീനർക്ക്: 82800 | മൂല്യനിർണ്ണയം: 82967.65<br>(+) ST@10.5% 8711.60<br>ആകെ 91679.25<br>ltd to: 90000<br>(-)ST 8712<br>(-)tax for 82967 6637<br>കൺവീനർക്ക് 74651 | 1)കൺവീനര്ക്ക്:<br>82800-<br>74651<br>--------------<br>8149 രൂപ<br>2) നികുതിയിനത്തിൽ<br>7200-<br>6637<br>--------------<br>563രൂപ<br>ആകെ: 8149+<br>563<br>------------------<br>8712 രൂപ |

8712 രൂപ അധികം നൽകിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ 10/26.08.2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 8712/- രൂപ ഈടാക്കി

അറിയിക്കേണ്ടതാണ്.

## 3-18 എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിലുൾപ്പെടുത്താതെ കൺവീനർമാർക്ക് തുക നൽകി; നഷ്ടം 28065 രൂപ.

നി. ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

താഴെപറയുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിയമപരമായ സർവ്വീസ് ടാക്സ് ഉൾപ്പെടുത്തി തയ്യാറാക്കി അംഗീകാരം വാങ്ങിയതാണ്. എന്നാൽ കൺവീനർക്ക്, സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്താതെ തുക നൽകിയതിനാൽ താഴെ പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പദ്ധതിയുടെ വിശദാംശം | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | അമ്പലക്കടവ് അംഗനവാടി റിപ്പയർ 126/17<br>AS/TS തുക: 91000രൂപ<br>കൺവീനർ: മുസ്തഫ<br>കരാർ: 115/16-17 /11-1-17<br>സർവ്വീസ് ടാക്സ്: 8393.11 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം: 83941<br>(-) നികുതി: 6717<br>കൺവീനർക്ക്: 77224<br>(വൗച്ചർ നംപർ. 110/16-17/31-3-17: 83941 രൂപ) | മൂല്യനിർണ്ണയം: 83941<br>(+)S.Tax10.5%: 8813<br>ആകെ: 12754<br>Ltd to AS: 90000<br>(-)S Tax: 8813<br>(-) നികുതി: 6717<br>കൺവീനർക്ക്: 74470 | 2754 രൂപ |
| 2 | പള്ളിശ്ശേരി അംഗനവാടി റിപ്പയർ 94/17<br>AS/TS തുക: 200000രൂപ<br>കൺവീനർ: മുഹമ്മദലി<br>കരാർ: 110/16-17 /10-1-17<br>സർവ്വീസ് ടാക്സ്: 18984.69 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം:188843<br>(-) നികുതി: 15109<br>കൺവീനർക്ക്:173734<br>വൗച്ചർ നംപർ. 117/16-17 /31-3-17: 188843രൂപ) | മൂല്യനിർണ്ണയം: 188843<br>(+)S.Tax.10.5%:19829<br>ആകെ: 208672<br>Ltd to AS: 200000<br>(-)S Tax: 19829<br>(-) നികുതി: 15109<br>കൺവീനർക്ക്: 165062 | 8617രൂപ |
| 3 | പള്ളിശ്ശേരി GLPS റിപ്പയർ95/17<br>AS/TS തുക: 400000രൂപ<br>കൺവീനർ: ഇ പി ഉമ്മർ<br>കരാർ: 114/16-17 /11-1-17<br>സർവ്വീസ് ടാക്സ്: 37991.35 രൂപ<br>(എസ്റ്റിമേറ്റിൽ | മൂല്യനിർണ്ണയം:370155<br>(-) നികുതി: 29613<br>കൺവീനർക്ക്:340542<br>( വൗച്ചർ നംപർ. 80/16-17/28-3-17: 370155 രൂപ) | മൂല്യനിർണ്ണയം: 370155<br>(+)S.Tax10.5%:38866<br>ആകെ: 409021<br>Ltd to AS: 400000<br>(-)S Tax: 38866<br>(-) നികുതി: 29613<br>കൺവീനർക്ക്: 331521 | 9021രൂപ |

| | | | | |
|---|---|---|---|---|
| | ഉൾപ്പെടുത്തിയത്) | | | |
| 4 | വെന്തോടംപടി അംഗനവാടി റിപ്പയർ<br>AS/TS തുക: 296000രൂപ<br>കൺവീനർ: അബ്ദുൽ ലത്തീഫ്<br>കരാർ: 115/16-17 /11-1-17<br>സർവ്വീസ് ടാക്സ്: 16729.21 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം:289241<br>(-) നികുതി: 23141<br>കൺവീനർക്ക്:266100<br>(വൗച്ചർ നംപർ. വ്യർ/16-17/28-3-17: 289241 രൂപ) | മൂല്യനിർണ്ണയം: 289241<br>(+)S.Tax.6%: 17354<br>ആകെ: 306595<br>Ltd to AS: 296000<br>(-)S Tax: 17354<br>(-) നികുതി: 23141<br>കൺവീനർക്ക്: 255505 | 1059രൂപ |
| 5 | മിച്ചഭൂമി അംഗനവാടി റിപ്പയർ 170/17<br>AS/TS തുക: 25000രൂപ<br>കൺവീനർ: ഫാസിൽ<br>കരാർ: 106/16-17 /6-1-17<br>സർവ്വീസ് ടാക്സ്: 2369.86 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം:23697<br>(-) നികുതി: 1895<br>കൺവീനർക്ക്:21802<br>(വൗച്ചർ നംപർ. 99/16-17/31-3-17: 23697 രൂപ) | മൂല്യനിർണ്ണയം: 23697<br>(+)S.Tax.10.5%:2488<br>ആകെ: 26185<br>Ltd to AS: 25000<br>(-)S Tax: 2488<br>(-) നികുതി: 1895<br>കൺവീനർക്ക്: 20617 | 1185രൂപ |
| 6 | പഞ്ചായത്ത് ബസ് സ്റ്റാന്റ് കെട്ടിടം നവീകരണം 161/17<br>AS/TS തുക: 150874രൂപ<br>കൺവീനർ: ജാഫർ<br>കരാർ: 68/16-17 /23-12-16<br>സർവ്വീസ് ടാക്സ്: 8517.81 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം:147456<br>(-) നികുതി: 11797<br>കൺവീനർക്ക്:135659<br>(വൗച്ചർ നംപർ. 102/16-17/31-3-17: 122456രൂപ, 135/16-17 /31-3-17: 25000 രൂപ) | മൂല്യനിർണ്ണയം: 147456<br>(+)S.Tax.6%: 8847<br>ആകെ: 156303<br>Ltd to AS: 150874<br>(-)S Tax: 8847<br>(-) നികുതി: 11797<br>കൺവീനർക്ക്: 130230 | 5429രൂപ |
| | | | ആകെ: | 28,065 |

സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്താത്തത് വഴി കൺവീനർക്ക് അധികം നൽകിയ 28,065/- രൂപ ഈടാക്കേണ്ടതാണ്. (അപാകത 08/26.08.2017 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.)

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 16-17 | 3,00,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. | 3,00,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | കാളികാവ് വലിയപള്ളി തെക്ക് ഏരിയ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | - | 40000 | 40000 | 0 |
| കേരള വാട്ടർ അതോറിട്ടി | പയറ്റുകുഴി അംഗനവാടിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | - | 310000 | 310000 | 0 |
| കേരള വാട്ടർ അതോറിട്ടി | വെള്ളയൂര് 3 സെന്റ് കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | - | 765000 | 765000 | 0 |
| കേരള വാട്ടർ അതോറിട്ടി | വാഴക്കുന്ന് ഏരിയയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | - | 300000 | 300000 | 0 |
| കേരള വാട്ടർ അതോറിട്ടി | തണ്ടുകോട് ചറുത്ത് ഏരിയയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | - | 560000 | 560000 | 0 |
| ഗ്രൌണ്ട് വാട്ടർ അതോറിറ്റി | മുത്തംതണ്ട് എസ്.സി കോളനി കുഴൽ കിണർ | | 44640 | 44640 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഓഡിറ്റ് വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്.

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ 2016-17 വർഷത്തിൽ ലഭിച്ച 10624 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14<br>2014-15 | 3-5 | 3961 | അസി.എഞ്ചിനീയർ | 1161102799 / 07.09.2016 |
| 2013-14<br>2014-15 | 3-9 | 839 | അസി.എഞ്ചിനീയർ | 1161102800 / 07.09.2016 |
| 2013-14<br>2014-15 | 3-9 | 5964 | അസി.എഞ്ചിനീയർ | 1161102801 / 07.09.2016 |
| 2013-14<br>2014-15 | 3-9 | 1792 | അസി.എഞ്ചിനീയർ | 1161102802 / 07.09.2016 |
| 2013-14<br>2014-15 | 3-9 | 1091 | അസി.എഞ്ചിനീയർ | 1161102803 / 07.09.2016 |
| 2013-14<br>2014-15 | 3-9 | 1330 | അസി.എഞ്ചിനീയർ | 1161102823 / 08.09.2016 |
| 2008-09 | 3-3 | 8330 | കെ.രവീന്ദ്രൻ, ജെ.എസ് | 1161104891 / 19.01.2017 |
| എ.ജി.ഓഡിറ്റ് | - | 480 | നസീമ.കെ, കോകർണി | 1160110599 / 13.03.2017 |
| ആകെ | | 23787 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 12,13,14 | 2004-05 | 10.1.3.1 | റോഡ് പണികൾക്ക് അധിക ചെലവ് | നടപടി തുടരുന്നു |
| 2006-07 | 3(6) | 2009-10 | | കെ എസ് ഇ ബി ഡെപ്പോസിറ്റ് | നടപടി തുടരുന്നു |
| 2011-12 | 2(4),3(6) | 2008-09 | | | നടപടി തുടരുന്നു |
| 2013-14 | 3(16) | 2009-10<br>2010-11 | | | നടപടി തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2014-15 | 3(1) | 2011-12<br>2012-13 | | ലഘു അവലോകനം | നടപടി തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67481074 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64148483 |
| വരവിനങ്ങളിലുള്ള നഷ്ടം | 10431 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,36,777 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 30,26,686 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-6 | 5613 | | ശ്രീ.സൈതലവി, പറവെട്ടി, സെക്രട്ടറി-994/- |
| | | | ശ്രീ.മത്തായി.പി.പി, സെക്രട്ടറി-1679/- |
| | | | ശ്രീ.ബിനു.ആർ, സെക്രട്ടറി- 645/- |
| | | | ശ്രീ.അബ്ദുൾ മജീദ്.പി.എം,സെക്രട്ടറി-2295/- |
| 2-9 | 4818 | | ശ്രീ.മത്തായി.പി.പി, സെക്രട്ടറി |
| 3-9 | | 300000 | ശ്രീമതി. മിനിജ.പി.തോമസ് |
| 3-17 | | 8712 | ശ്രീമതി.നാരായണി.വി.പി, അസി.എഞ്ചിനീയർ |
| 3-18 | | 28065 | ശ്രീമതി.നാരായണി.വി.പി, അസി.എഞ്ചിനീയർ |
| ആകെ | 10431 | 336777 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 19,75,000 | ശ്രീ.അബ്ദുൾ മജീദ്.പി.എം., സെക്രട്ടറി |
| 3-6 | 4,21,856 | ശ്രീ.അബ്ദുൾ മജീദ്.പി.എം, സെക്രട്ടറി |
| 3-10 | 88,150 | ശ്രീമതി.സലില.എം, ICDSസൂപ്പർവൈസർ |
| 3-13 | 1,00,000 | ഡോ.എ.ജി.അജിത് കുമാർ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-14 | 2,14,992 | ഡോ.ഇൽമുന്നീസ, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| 3-15 | 7,36,694 | ഡോ.മുഹമ്മദ് നജീബ്.പി.ജി, മെഡിക്കൽ ഓഫീസർ (CHC) |
| 3-16 | 65,789 | ശ്രീമതി.നാരായണി.വി.പി, അസി.എഞ്ചിനീയർ |
| ആകെ | 30,26,686 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സൈതലവി പറവെട്ടി | സെക്രട്ടറി, കാളികാവ് ഗ്രാമപഞ്ചായത്ത് | പറവെട്ടി ഹൗസ്, മരുതത്ത്, ചിറ്റയിൽ, വെള്ളയൂർ.പി.ഒ |
| ശ്രീ.മത്തായി.പി.പി, | സെക്രട്ടറി | പൊട്ടയ്ക്കൽ ഹൗസ്, വടയമ്പാടി.പി.ഒ, പുത്തൻകുരിശ് വഴി, എറണാകുളം - 682 308 |
| ശ്രീ.ബിനു.ആർ, സെക്രട്ടറി | സെക്രട്ടറി | ഭജനസാലാവേലി ഹൗസ്, തിരുവമ്പാടി.പി.ഒ, ആലപ്പുഴ |
| ശ്രീ.അബ്ദുൾ മജീദ്.പി.എം, സെക്രട്ടറി | സെക്രട്ടറി | ജാസ്മിന മൻസിൽ, വടപുറം.പി.ഒ,പിൻ- 676542 |

| | | |
|---|---|---|
| ശ്രീമതി.നാരായണി.വി.പി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ (റിട്ട) | നിഷ്നിയ ഹൗസ്, ശാന്തപുരം, കരുവമ്പ്രം.പി.ഒ, മഞ്ചേരി-3 |
| ശ്രീമതി. മിനിജ.പി.തോമസ് | അസിസ്റ്റന്റ് സെക്രട്ടറി കാളികാവ് ഗ്രാമപഞ്ചായത്ത് | വരിക്കാനിൽ ഹൗസ്, വെള്ളാപ്പാട്, പാല (പി.ഒ), കോട്ടയം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.എം5/310/09 തീയ്യതി 11.2.11 | 14 | |
| 1998-99 (പ്ലാൻ) | എൽ.എഫ്.എം5/310/04 തീയ്യതി 11.2.11 | 5 | |
| 1998-99 | എൽ.എഫ്.എം5/1853/07 തീയ്യതി 11.2.11 | 4 | |
| 1999-00 | എൽ.എഫ്.എം5/1850/07 തീയ്യതി 11.2.11 | 10 | |
| 2000-01 | എൽ.എഫ്.എം5/1144/09 തീയ്യതി 11.2.11 | 9 | |
| 2001-02 | എൽ.എഫ്.എം5/479/07 തീയ്യതി 11.2.11 | 11 | |
| 2002-03 | എൽ.എഫ്.എം5/480/07 തീയ്യതി 11.2.11 | 8 | |
| 2003-04 | എൽ.എഫ്.എം5/48/08 തീയ്യതി 11.2.11 | 17 | |
| 2004-05 | എൽ.എഫ്.എം5/1155/07 തീയ്യതി 11.2.11 | 8 | |
| 2005-06 | എൽ.എഫ്.എം5/1156/07 തീയ്യതി 11.2.11 | 3 | |
| 2006-07 | എൽ.എഫ്.എം5/586/09 തീയ്യതി 25.4.11 | 19 | |

| | | | |
|---|---|---|---|
| | | | |
| 2007-08 | എൽ.എഫ്.എം6/1439/11 തീയ്യതി 23.8.11 | 14 | |
| 2008-09 | എൽ.എഫ്.എം6/1440/11തീയ്യതി 14.2.11 | 26 | |
| 2009-10,10-11 | എൽ.എഫ്.എം6/1518/2013 തീയ്യതി 06.12.13 | 21 | |
| 2011-12<br>2012-13 | എൽ.എഫ്.എം6/498/15 തീയ്യതി 7.4.15 | 29 | |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.6/1401/16 തീയതി 30-06-2016 | 21 | |
| 2015-16 | കെ.എസ്.എ.എം.പി.എം.6/3262/16 തീയതി 27-01-2017 | 12 | |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

# ANNEXURE - 1

# AUDIT CERTIFICATE.

KSA-MPM6/1998/17

Kerala State Audit Department

District Audit Office, Malappuram

PIN- 676 505 Phone: 0483 2734951

Email- dompm.ksad@kerala.gov.in

Dated 09/11/2017

CERTIFICATE

Certified that I have examined the Annual Financial Statement of Kalikavu Grama Panchayat in Malappuram District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Kalikavu Grama Panchayat for the year 2016-17 except the observations in my audit report properly present the picture of income and expenditure.

DEPUTY DIRECTOR

MALAPPURAM.

## അനുബന്ധം - 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്.

സാക്ഷ്യപത്രം

കെ.എസ്.എ-എം.പി.എം.6/1998/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

പിൻ- 676 505 ഫോൺ: 0483 2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 09/11/2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിൻെറ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം.